**പതിമൂന്നാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 124** **05.03.2012-ൽ മറുപടിക്ക്.**

**പോലീസ് ക്യാന്റീനിന്റെ പ്രാരംഭ ചെലവുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ് | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് പട്ടാള ക്യാന്റീൻ മാതൃകയിൽ ആരംഭിച്ച പോലീസ് ക്യാന്റീനിന്റെ പ്രാരംഭ ചെലവുകൾക്കുള്ള തുക എങ്ങനെയാണ് കണ്ടെത്തിയതെന്ന് വ്യക്തമാക്കാമോ ; ഇതിന് ഗവൺമെന്റിന്റെ സഹായം ലഭിച്ചിട്ടുണ്ടോ ; ഇതിനായി പോലീസ് ഉദ്യോഗസ്ഥരിൽ നിന്നും തുക പിരിക്കുന്നുണ്ടോ ; | : (എ) കേരളാ പോലീസ് ആരംഭിച്ചിട്ടുള്ള ക്യാന്റീനിൽ അംഗത്വമെടുക്കുന്ന, സർവ്വീസിലുള്ള/വിരമിച്ച പോലീസുദ്യോഗസ്ഥന്മാരിൽ നിന്നും പലിശ രഹിതമായി തിരികെ നൽകാവുന്ന വിധം 2000/- രൂപാവീതം അഡ്വാൻസ് സ്വീകരിക്കുകയും ഈ തുക പ്രാരംഭ ചെലവുകൾക്കായി വിനിയോഗിക്കുകയും ചെയ്തുവരുന്നു. ഇതിലേയ്ക്കായി സർക്കാർ സഹായം നൽകിയിട്ടില്ല. |
| (ബി) ഇതിൽ അംഗത്വ ഫീസ് ഈടാക്കുന്നുണ്ടോ ; | : (ബി) ഉണ്ട്. |
| (സി) മറ്റ് സംസ്ഥാനങ്ങളിൽ പോലീസ് ക്യാന്റീനുകൾ തുടങ്ങുന്നതിനുള്ള ചെലവ് ബന്ധപ്പെട്ട സർക്കാർ തന്നെയാണ് വഹിക്കുന്നതെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത രീതി സംസ്ഥാനത്ത് നടപ്പാക്കാൻ കഴിയാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ? | : (സി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ